No.CEE/5454/2017/LLM-2017/TA2

**കേരള സർക്കാർ**

**പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം**
**ഹൗസിംഗ് ബോർഡ് ബിൽഡിംഗ്, ശാന്തി നഗർ, തിരുവനന്തപുരം-695 001**

**വിജ്ഞാപനം**

## എൽ എൽ.എം കോഴ്സിലേയ്ക്കുള്ള പ്രവേശനം 2017
## അപേക്ഷയിലെ അപാകതകൾ പരിഹരിക്കുന്നതിനുള്ള അവസരം

2017-ലെ എൽഎൽ.എം കോഴ്സിലേക്കുള്ള പ്രവേശനത്തിനായി അപേക്ഷ സമർപ്പിച്ചിട്ടുള്ള വിദ്യാർത്ഥികൾക്ക് **www.cee.kerala.gov.in** എന്ന വെബ്സൈറ്റിൽ കൊടുത്തിട്ടുള്ള **'LLM 2017 – Candidate Portal'** എന്ന ലിങ്കിൽ ക്ലിക്ക് ചെയ്ത് ആപ്ലിക്കേഷൻ നമ്പരും പാസ്സ് വേർഡും നൽകി ഹോം പേജിൽ പ്രവേശിച്ച് തങ്ങളുടെ പ്രൊഫൈൽ പരിശോധിക്കാവുന്നതാണ്. സമർപ്പിച്ചിട്ടുള്ള അപേക്ഷയിൽ ന്യൂനതകൾ ഉള്ള വിദ്യാർത്ഥികൾ ഹോം പേജിലെ **'Memo'** എന്ന മെനു ഐറ്റം ക്ലിക്ക് ചെയ്ത് ന്യൂനതകൾ പരിഹരിക്കുന്നതിനാവശ്യമായ സർട്ടിഫിക്കറ്റുകൾ / അനുബന്ധരേഖകൾ **2018 ഫെബ്രുവരി 19 വൈകുന്നേരം 5 മണി**ക്കു മുൻപായി, ലഭ്യമായ ലിങ്ക് വഴി, അപ്‌ലോഡ് ചെയ്യേണ്ടതാണ്.

പ്രൊഫൈൽ വിശദാംശങ്ങൾ സംബന്ധിച്ചുള്ള പരാതികൾ രജിസ്റ്റേഡ് തപാൽ/ സ്പീഡ് പോസ്റ്റ് മുഖാന്തിരമോ നേരിട്ടോ **പ്രവേശന പരീക്ഷാ കമ്മീഷണർ, പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം, 5-ാം നില, ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, ശാന്തിനഗർ, തിരുവനന്തപുരം** എന്ന വിലാസത്തിൽ **19-02-2018 വൈകുന്നേരം 5 മണി**ക്കു മുൻപായി സമർപ്പിക്കണം. ഫാക്സ്, ഇ-മെയിൽ എന്നിവ മുഖേനയുള്ള പരാതികളും നിശ്ചിത സമയത്തിനു ശേഷം ലഭിക്കുന്ന പരാതികളും പരിഗണിക്കുന്നതല്ല. പരാതികളോടൊപ്പം മറ്റു രേഖകളോ സർട്ടിഫിക്കറ്റുകളോ അയയ്ക്കേണ്ടതില്ല. പരാതിയിൽ അപേക്ഷകന്റെ പേരും ആപ്ലിക്കേഷൻ നമ്പരും കൃത്യമായി രേഖപ്പെടുത്തിയിട്ടുണ്ടാകണം.

ഓൺലൈനായി സാമുദായിക / പ്രത്യേക / ശാരീരികക്ഷമത കുറഞ്ഞവർക്കുള്ള സംവരണം ആവശ്യപ്പെടുകയും എന്നാൽ ബന്ധപ്പെട്ട രേഖകൾ അപ്‌ലോഡ് ചെയ്യാത്തതുമായ അപേക്ഷകർക്ക് പ്രസ്തുത രേഖകൾ അപ്‌ലോഡ് ചെയ്യാൻ ഇപ്പോൾ അവസരം ലഭിക്കുന്നതാണ്.

കൂടുതൽ വിവരങ്ങൾക്ക് ഹെൽപ്പ്ലൈൻ നമ്പരുകളായ 0471 2339101, 2339102, 2339103, 2339104 എന്നിവയിൽ ബന്ധപ്പെടാവുന്നതാണ്.

Santhosh Kumar

തിരുവനന്തപുരം
15.02.2018

**പ്രവേശന പരീക്ഷാ കമ്മീഷണർക്ക് വേണ്ടി**